Draft #4 of File 19972/AC A1-1/2020/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 13-Nov-2020 08:35 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഓൺലൈൻ ക്ളാസുകളിലെ അറ്റൻഡൻസ് ഇന്റേണൽ മാർക്കിനായി പരിഗണിക്കുന്നതിനു പകരം അധികമായി നൽകുന്ന അസൈൻമെന്റ്/സെമിനാർ/വൈവ എന്നിവയുടെ മാർക്ക് ഇന്റേണൽ മാർക്കിനായി പരിഗണിക്കുവാനുള്ള ശുപാർശ - അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5382/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.11.2020

---

*പരാമർശം:*-1. 03.06.2020 തീയതി ശ്രീ അജോ ജോസ് സമർപ്പിച്ച അപേക്ഷ.

2. സർവ്വകലാശാല ഉത്തരവ് നം. 5099/ACA1/2020/എം.ജി.യു. തീയതി. 02.11.2020

3. 10.11.2020 തീയതിയിലെ വൈസ് -ചാൻസിലറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഓൺലൈൻ ക്ലാസ്സുകളിലെ അറ്റൻഡൻസ് ഇന്റേണൽ മാർക്കിനായി പരിഗണിക്കരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച്, ഓൺലൈൻ ക്ലാസ്സുകളിൽ നെറ്റ്‌വർക്ക് തകരാർ മൂലവും മറ്റ് ഭൗതിക സാഹചര്യങ്ങളിലെ അപര്യാപ്തത മൂലവും ഓൺലൈൻ ക്ലാസ്സുകളിലെ അറ്റൻഡൻസ് ഇന്റേണൽ മാർക്കിന് പരിഗണിക്കുന്നതിന് പകരമായി, കുട്ടികൾക്ക് അധികമായി ഒരു അസൈൻമെന്റ്/സെമിനാർ/വൈവ എന്നിവ നൽകി അതിൽ നേടുന്ന മാർക്ക് ഇന്റേണൽ മാർക്കിനായി പരിഗണിക്കുവാനുള്ള ശുപാർശ (2020-21 അദ്ധ്യായന വർഷം) അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് നൽകുന്നതിന് തീരുമാനിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഓൺലൈൻ ക്ലാസ്സുകളിലെ അറ്റൻഡൻസ് ഇന്റേണൽ മാർക്കിന് പരിഗണിക്കുന്നതിന് പകരമായി കുട്ടികൾക്ക് അധികമായി ഒരു അസൈൻമെന്റ്/സെമിനാർ/വൈവ എന്നിവ നൽകി ആ മാർക്ക് ഇന്റേണൽ മാർക്കിനായി പരിഗണിക്കുവാനുള്ള ശുപാർശ അംഗീകരിച്ചുകൊണ്ട് പരാമർശം (3) പ്രകാരം, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) അനുസരിച്ചുള്ള അധികാരമുപയോഗിച്ച് 10.11.2020 തീയതിയിൽ വൈസ് -ചാൻസിലർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1
(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ്- ചാൻസിലർ/പ്രോ- വൈസ്- ചാൻസിലർ എന്നിവരുടെ പി.എസ് മാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
3. ജെ.ആർ/ഡി.ആർ/എ. ആർ (അക്കാദമിക് വിഭാഗം)
4. ശ്രീ അജോ ജോസ്, നിർമ്മലാ കോളേജ് മൂവാറ്റുപുഴ
5. ഇ ബി 8 സെക്ഷൻ
6. എസി സി1/എസി സി2 സെക്ഷൻ
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യൂ.എ.സി./ എ.ടി.ആർ.
8. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 19972/AC A1-1/2020/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 13-Nov-2020 08:35 AM - Page 2